# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2286

18/02/2016-ൽ മറുപടിക്ക്

**'സിക ' വൈറസ്- മുൻകരുതലുകൾ**

ചോദ്യം

**ശ്രീമതി.കെ.എസ്.സലീഖ**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) 'സിക ' വൈറസ് കേരള സംസ്ഥാനത്ത് എത്തിപ്പെടാതിരിക്കാൻ ആരോഗ്യ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളും മുൻകരുതലുകളും, പ്രസ്തുത രോഗപരിശോധനാ നടപടികളും എന്താണ് എന്ന് വ്യക്തമാക്കുമോ; | എ) | സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന അന്തർദേശീയ വിമാനത്താവളങ്ങളിലെയും ഇറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരേയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും സംവിധാനങ്ങൾ തയ്യാറാക്കി കഴിഞ്ഞു. രക്ത പരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.<br><br>സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ, മറ്റു വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും, മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനിപ്പോലെ രോഗം മൂർച്ഛിച്ച് മരണംമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക്ക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ |

| | | |
|---|---|---|
| | | മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട്. (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി, തിരുവനന്തപുരം, നെടുംബാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്) ജനങ്ങൾക്ക് സിക്ക രോഗത്തെ പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രകുറിപ്പുകൾ, ആരോഗ്യ വകുപ്പിന്റെ വെബ് സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ - ടി.വി പത്ര പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| ബി) സംസ്ഥാനത്ത് വേണ്ട ജാഗ്രത/ചികിത്സാ സൗകര്യം/ പരിശോധനാ സൗകര്യം/കൊതുക നശീകരണം/ ജനങ്ങളെ ബോധവത്കരിക്കൽ എന്നിവ ഓരോന്നിനുമായി വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | ബി) | ആരോഗ്യവകുപ്പ് മന്ത്രി തലത്തിലും, സെക്രട്ടറി തലത്തിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും അടിയന്തര യോഗങ്ങൾ കൂടി തീരുമാനങ്ങൾ എടുത്തു. എല്ലാ ജില്ലകളിലുമുള്ള ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് സിക്ക വൈറസ് രോഗം സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പിൽ നിന്നും ലഭിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, സംയോജിത കൊതുക് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ നൽകി. ഇതനുസരിച്ച് ജില്ലകളിൽ രോഗ നിരീക്ഷണം, കൊതുക നിരീക്ഷണം, ഉറവിട നശീകരണം, ഫോഗ്ഗിംഗ്, ബോധവത്ക്കരണം തുടങ്ങിയവ നടത്തി വരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ വഴി വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് ദിവസേന കൊതുക നിരീക്ഷണവും നശീകരണവും നടത്തി വരുന്നുണ്ട്. പരിശോധനകൾ വിമാനതാവളങ്ങളിലും, നിർദ്ദിഷ്ട ആശുപത്രികളിലും നടത്താൻ നിർദ്ദേശം നൽകി. സ്ഥിതീകരണം, എൻ.ഐ.വി (പൂന) എൻ.സി.ഡി.സി |

| | | |
|---|---|---|
| | | (ഡൽഹി) എന്നിവിടങ്ങളിൽ നടത്താൻ സാധിക്കും. ജനങ്ങൾക്ക് ബോധവത്ക്കരണം ആരോഗ്യ കേന്ദ്രങ്ങളിൽ കൂടി നൽകുന്നു. പത്ര വാർത്തകളും, ടി.വി, റേഡിയോ വഴിയുള്ള ബോധവത്ക്കരണവും നടത്തുന്നു. |
| സി) ഡെങ്കി, ചിക്കൻഗുനിയ, ജപ്പാൻജ്വരം എന്നീ ഈഡിസ് കൊതുക പരത്തുന്ന രോഗങ്ങൾക്ക് വിധേയരായി നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിയവർ എത്ര; മരണപ്പെട്ടവർ എത്ര; വിശദാംശം ലഭ്യമാക്കുമോ? | സി) | ജപ്പാൻജ്വരം ഈഡിസ് കൊതുകല്ല പരത്തുന്നത്. ഡെങ്കിപ്പനി 2015-ൽ 4113 പേരേയും ഈ സർക്കാർ നിലവിൽ വന്ന ശേഷം 20340 പേരെയും ബാധിച്ചു. ഇതുമൂലം 2015-ൽ 29 പേർ ഉൾപ്പെടെ ആകെ 96 പേർ മരിച്ചു. ചിക്കൻഗുനിയ 2015 – ൽ 152 പേരെയും ഈ സർക്കാർ നിലവിൽ വന്നശേഷം 807 പേരെയും ബാധിച്ചു. ഇതുമൂലം ആരും മരിച്ചിട്ടില്ല. ജപ്പാൻജ്വരം ഈ സർക്കാർ നിലവിൽ വന്ന ശേഷം 40 പേരെ ബാധിച്ചു. ഇതു മൂലം 5 പേർ മരിച്ചു. |

സെക്ഷൻ ഓഫീസർ